"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ലയിലെ, വെള്ളാരംകുന്ന്, സെന്റ് മേരീസ് ഹൈസ്കൂളിലെ എൽ.ജി ഹിന്ദി ഫുൾടൈം അദ്ധ്യാപിക ശ്രീമതി. റ്റീന മാത്യു ഫയൽ ചെയ്ത റിട്ട് ഹർജി നം. 34715/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1888/2026/GEDN തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. ശ്രീമതി. റ്റീന മാത്യു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 34715/2025 മേലുള്ള 22/09/2025 തീയതിയിലെ വിധിന്യായം
2. കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/10/2025 ലെ DEOKTP/1600/2025-B2 നം. കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/10/2025 ലെ ഇസി2/20052/2025/ഡി.ജി.ഇ നം. കത്ത്.
4. ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21/10/2025 ലെ DDEIDK/3021/2025-B5 നം. കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ, വെള്ളാരംകുന്ന്, സെന്റ് മേരീസ് ഹൈസ്കൂളിലെ എൽ.ജി ഹിന്ദി ഫുൾടൈം അദ്ധ്യാപിക ശ്രീമതി. റ്റീന മാത്യു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 34715/2025 മേലുള്ള പരാമർശം (1) പ്രകാരമുള്ള വിധിന്യായത്തിൽ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് നാല് മാസത്തിനുള്ളിൽ ഹർജിക്കാരനെയും, മറ്റ് ബന്ധപ്പെട്ടവരെയും നേരിൽ കേട്ട്, Ext.P11 റിവിഷൻ ഹർജിയിൽ തീർപ്പുകൽപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനെയും, മറ്റ് ബന്ധപ്പെട്ടവരെയും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി 23/10/2025 ന് നേരിൽ കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ പരാതിക്കാരിയായ ശ്രീമതി. റ്റീന മാത്യു ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) പരാതിക്കാരിയെ 21.08.2024 മുതൽ സെന്റ് മേരീസ് ഹൈസ്കൂൾ, വെള്ളാരംകുന്നിൽ ലോവർ ഗ്രേഡ് ഫുൾടൈം ഹിന്ദി ടീച്ചറായി നിയമിതയായി എന്നാൽ ഈ നിയമനം ഞാൻ രണ്ടു വർഷത്തെ ഹിന്ദി ട്രെയിനിങ് സർട്ടിഫിക്കറ്റ് പാസായിട്ടില്ല എന്ന കാരണത്തിനാൽ കട്ടപ്പന

DEO, 14.05.2025 ലെ ഉത്തരവുപ്രകാരം (Ext P2) നിരസിക്കുകയുണ്ടായി സർക്കാർ G.O. (Ms)30/2019/G.Edn, 07.03.2019-ൽ, (Ext P3) നിലവിലുള്ള 1 വർഷത്തെ ഡി.ഇൽ.എഡ്. കോഴ്സ് 2 വർഷമായി പരിഷ്കരിക്കുകയും, 2 വർഷത്തെ ഡി.ഇൽ.എഡ്. കോഴ്സ് ജൂനിയർ ഹിന്ദി ടീച്ചർക്ക് മിനിമം യോഗ്യതയായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യതയെ സംബന്ധിച്ച തടസ്സവാദത്തിനുള്ള കാരണം 7/3/2019 ലെ G.O (Ms) 30/2019/G.Edn ഉത്തരവാണ് ഇതിനു നിദാനമായി ചൂണ്ടിക്കാണിക്കപ്പെട്ടത്. അതിനാൽ ഈ കാര്യത്തിൽ തീരുമാനമെടുക്കുവാൻ ഡി ഡി ഇ ക്കോ ഡി ജി ഇ ക്കോ കഴിയാത്തതിനാൽ ഞാൻ നേരിട്ട് സർക്കാരിലേക്ക് ചട്ടം 92 പ്രകാരം റിവിഷൻ ഫയൽ ചെയ്യുകയാണുണ്ടായത്.

ii) സർക്കാർ G.O.(Rt) 59/2024/G.Edn, 10.06.2024-ൽ,(Ext P4) ഹിന്ദി ജൂനിയർ ടീച്ചർ സ്ഥാനത്തേക്ക് നിയമനം നേടാൻ ഡി.ഇൽ.എഡ്. (ഹിന്ദി) സർട്ടിഫിക്കറ്റ് (2 വർഷം) നിർബന്ധിത യോഗ്യതയായി നിർദ്ദേശിച്ചു. കൂടാതെ 07.03.2019 വരെ കേരള എജ്യൂക്കേഷൻ റൂളുകൾ പ്രകാരം യോഗ്യത നേടിയവർക്കും അന്ന് വരെ പ്രവേശനം നേടിയവർക്കും ഡി.ഇൽ.എഡ്. ഒഴിവാക്കിയിട്ടുണ്ട്. ഞാൻ 1999 മാർച്ചിൽ എസ്.എസ്.എൽ.സി വിജയിച്ചിട്ടുണ്ട്, ഞാൻ 2001ൽ പ്രീ -ഡിഗ്രി കരസ്ഥമാക്കിയിട്ടുണ്ട്, ഞാൻ കേരള ഹിന്ദി പ്രചാര സഭയുടെ Hindi Bhooshan 2023ൽ വിജയിച്ചിട്ടുണ്ട്, ഞാൻ കേരള ഹിന്ദി പ്രചാര സഭയുടെ Sahithyacharya 2024ൽ വിജയിച്ചിട്ടുണ്ട്, ഞാൻ K-TET-Category IV 2023ൽ വിജയിച്ചിട്ടുണ്ട്, ഞാൻ B.Sc ഡിഗ്രി 2004ൽ കരസ്ഥമാക്കിയിട്ടുണ്ട്. കേരള എജ്യൂക്കേഷൻ റൂൾസ് ചാപ്റ്റർ XXXI, Rule 3(2)(iii) പ്രകാരം, എസ്.എസ്.എൽ.സി.യും ഹിന്ദി ഭൂഷണം നേടിയവർക്ക് ജൂനിയർ ഹിന്ദി ടീച്ചർ പദവിക്ക് യോഗ്യതയുണ്ട്. അതിനാൽ ഹർജിക്കാരി ജൂനിയർ ഹിന്ദി ടീച്ചർ പദവിക്ക് യോഗ്യയാണ്. Radhamoni v. Director of Public Instruction (ILR 2009 (4) Ker. 783) എന്ന കേസിലെ ബഹു ഹൈ കോടതിയുടെ വിധിന്യായത്തിൽ സർക്കാർ ഉത്തരവുകൾ വഴി നിയമപരമായ റൂൾ മാറ്റാതെ അധിക യോഗ്യത നിർബന്ധിതമാക്കാനാകില്ലെന്ന് ഹൈക്കോടതി വിധിച്ചിട്ടുണ്ട്. അതിനാൽ Exhibit P-2 പ്രകാരം അംഗീകാരം നിഷേധിച്ചതും നിയമവിരുദ്ധമാണ്.

iii) ഹർജിക്കാരി 01.09.2025-ന് Chapter XIV-A KERs Rule 92 പ്രകാരം റിവിഷൻ ഹർജി Exhibit P-11 ആയി സർക്കാരിനെ സമീപിച്ചിട്ടുണ്ടെങ്കിലും അത് പരിഗണിച്ചിട്ടില്ല. താമസം സേവന താൽപര്യത്തെ ബാധിക്കും. Biju George v. Sreeja E.C. (W.A.724/2014) എന്ന കേസിലെ ബഹു ഹൈ കോടതിയുടെ വിധിന്യായത്തിൽ, സർക്കാർ ഉത്തരവുകൾ aided schools-ൽ പ്രാബല്യത്തിൽ വരുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ Chapter XXXI KER-ൽ ഭേദഗതി വരുത്തണമെന്ന് ഹൈക്കോടതി വിധിച്ചിട്ടുണ്ട്. അതിനാൽ Exhibit P-3, P-4 ഉത്തരവുകൾ എൽ ജി ഹിന്ദി ടീച്ചറുടെ വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ ബാധകമാക്കാൻ കഴിയില്ല. കൂടാതെ എന്റെ Ext P11 റിവിഷൻ ഹർജി സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഗവൺമെന്റിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ W.P.C.No.34715/2025 ഫയൽ ചെയ്യുകയും ഉണ്ടായി. 22.09.2025 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഞാൻ ഫയൽ ചെയ്ത Ext P11 റിവിഷൻ ഹർജി എന്നെ കേട്ട് 4 മാസത്തിനകം തീർപ്പാക്കണം എന്ന് നിർദ്ദേശിച്ചു കൊണ്ട് Writ Petition തീർപ്പാക്കുകയും ചെയ്തു.

iv) ആയതിനാൽ താഴെപ്പറയുന്ന കാരണങ്ങളാൽ റിവിഷൻ ഹർജ്ജി അംഗീകരിക്കണം -

അംഗീകാരം നിഷേധിച്ചതിന് യുക്തിയില്ല,KERs പ്രകാരം യോഗ്യതയുള്ള ഹർജിക്കാരിയെ Exhibit P-3, P-4 അടിസ്ഥാനപ്പെടുത്തി നിരസിച്ചത് തെറ്റാണ്, Exhibit P-2 നിയമവിരുദ്ധമാണ്, Radhamoni കേസിലെ ബഹു ഹൈ കോടതിയുടെ വിധി പ്രകാരം Exhibit P-4 ഉത്തരവുകൾ അസാധുവാണ്, W.A.724/2014 എന്ന കേസിലെ ബഹു ഹൈ കോടതിയുടെ വിധിന്യായ പ്രകാരം നിയമ ഭേദഗതിയില്ലാത്ത എയ്ഡഡ് സ്കൂൾ അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ സർക്കാർ ഉത്തരവുകൾ ബാധകമാക്കാൻ കഴിയില്ല, Sharmina V.M. (W.A.135/2017) വിധിന്യായ പ്രകാരം സർക്കാർ ഉത്തരവുകൾക്ക് നിയമ ഭേദഗതിയെ മറികടക്കാൻ കഴിയില്ല, അധിക യോഗ്യത വേണമെങ്കിൽ KERs-ൽ ഭേദഗതി വരുത്തേണ്ടതാണ്, G.O.(Ms)154/2024/G.Edn-ൽ 09.06.2024 cutoff തീയതി നിശ്ചയിച്ചിരിക്കുന്നത് അസാധുവും വിവേചനപരവുമാണ്, PSC Notification 15.05.2024 പ്രകാരം 19.06.2024 വരെ ഡി.ഇൽ.എഡ് ഇല്ലാതെയും അപേക്ഷിക്കാമെന്നത് തെളിവാണ്, 2019-20-ൽ ഒരു ഹിന്ദി ടീച്ചർ പോസ്റ്റ് അനുവദിച്ചിരുന്നു, സമാന സാഹചര്യത്തിൽ, മലപ്പുറം പുലാമന്തോൾ AUPS ലെ ശ്രീമതി ജെസ്നയുടെ 01.12.2021 മുതലുള്ള ഹിന്ദി ടീച്ചർ നിയമനം KER ൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ ഗവൺമെന്റ് 09.06.2023 ലെ G.O(Rt) 3352/ 2023/G.Edn ഉത്തരവ് പ്രകാരം അംഗീകരിച്ചുകൊണ്ടു ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം KER ൽ ഭേദഗതി വരുത്തുന്നത് വരെ KER ലെ യോഗ്യതകൾ ഉള്ളവരെ അംഗീകരിക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പരാതിക്കാരിയുടെ നിയമനവും പൂർണ്ണ യോഗ്യതയുമുള്ളവരുടേതായി കണക്കാക്കി അംഗീകരിക്കേണ്ടതാണ്. ഈ ഉത്തരവിന്റെ അന്തസത്ത പാലിച്ചാൽ പരാതിക്കാരിയുടെ നിയമനവും പൂർണ യോഗ്യതയുമുള്ളവരുടേതായി കണക്കാക്കി നിയമനംഗീകാരത്തിനു അർഹതയുണ്ട്, ഭിന്നശേഷി സംവരണ നിയമപ്രകാരമുള്ള എല്ലാ ഒഴിവുകളും ഭിന്നാശശേഷിക്കാരെക്കൊണ്ട് നികത്തിയിട്ടുണ്ട്. അതിനാൽ അംഗീകാര യോഗ്യമാണ് നിയമനം

V) ഈ സാഹചര്യത്തിൽ മുകളിൽ വിവരിച്ച കാരണങ്ങളാൽ എന്റെ 21.08.2024 മുതലുള്ള L.G.F.T Hindi Teacher നിയമനം അംഗീകരിച്ചു ഉത്തരവാകണമെന്നും, Exhibit P-2 അംഗീകാരം നിഷേധിച്ച ഉത്തരവ് റദ്ദാക്കി, Exhibit P-3, P-4 ഉത്തരവുകൾ Rule 3(2)(iii), Chapter XXXI KERs പ്രകാരം എനിക്ക് ബാധകമല്ലെന്ന് പ്രഖ്യാപിച്ച് അനുയോജ്യമായ മറ്റു ഉത്തരവുകൾ നൽകണമെന്നും അപേക്ഷിക്കുന്നു.

3) **<u>നേരിൽ കേട്ട വേളയിൽ കോർപ്പറേറ്റ് മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>**.

i. ടി അധ്യാപികയുടെ നിയമനാംഗീകാരം കട്ടപ്പന ജില്ലാവിദ്യാഭ്യാസ ആഫീസർ ഉത്തരവ് നമ്പർ B2/770391/2024 തീയതി 14-05-2025 പ്രകാരം നിരസിച്ചു. കാരണം:- സ.ഉ (കൈ) നം. 154/2024/പൊ.വി.വ. തീയതി 19/12/2024, GO(MS) NO. 59/2024/GEDN dtd 10/06/2024 എന്നിവ പ്രകാരം 2023-24 അധ്യയന വർഷം വരെ നിലവിലെ ചട്ടങ്ങൾപ്രകാരം LP/UP ഭാഷാധ്യാപകർക്ക് നിഷ്കർഷിച്ച യോഗ്യതയോടെ നിയമനം ലഭിച്ചവർക്കാണ് രണ്ട് വർഷത്തെ DEIED യോഗ്യത നേടുന്നതിൽ ഇളവനുദിച്ചിട്ടുള്ളത്. ടി അധ്യാപിക 08/2023-ൽ ഹിന്ദി ഭൂഷൺ യോഗ്യത നേടിയിട്ടുണ്ടെങ്കിലും നിയമനം നടന്നത് 21/08/2024 മുതലാണ്. ഈ നിയമനം അംഗീകരിക്കണമെങ്കിൽ DEIED ആവശ്യമാണ്. നിയമിതാവിന് ഈ യോഗ്യതയില്ല.

ii. ശ്രീമതി റ്റീന മാത്യു SSLC, Plus two, കേരള ഹിന്ദി പ്രചാർസഭയുടെ Hindi Bhooshan, KTET

IV എന്നീ യോഗ്യതകൾ നേടിയിട്ടുണ്ട്. കെ.ഇ.ആർ അധ്യായം XXXI Rule 3(2)(iii) നിഷ്കർഷിച്ചിട്ടുള്ള മതിയായ യോഗ്യത അധ്യാപിക നേടിയിട്ടുണ്ട്. 09/06/2024 തീയതിയിലോ അതിനുമുമ്പോ നിയമനം ലഭിച്ചിരുന്നുവെങ്കിൽ ഈ യോഗ്യത നിയമനാംഗീകാരത്തിനു മതിയായ യോഗ്യതയായിരുന്നു.

iii. എൽ ജി എഫ് റ്റി ഹിന്ദി തസ്തികയിലെ നിയമനാംഗീകാരത്തിന് ഈ യോഗ്യത മതിയാവില്ല എന്നും രണ്ടുവർഷ DEIED യോഗ്യത വേണമെന്നും നിർദ്ദേശിച്ചിട്ടുള്ളത് കെ.ഇ.ആറിൽ പ്രസക്തമായി ഭേദഗതി വരുത്തിക്കൊണ്ടല്ല; 07/03/2019 തീയതിയിലെ 30/2019 നമ്പറിലുള്ള പ്രത്യേക ഉത്തരവിലൂടെയാണ്. ഒരു നിശ്ചിത തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള മിനിമം യോഗ്യതയിൽ മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ അത് പ്രത്യേക ഉത്തരവുകളിലൂടെയല്ല മറിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടായിരിക്കണമെന്ന് ബഹു. കോടതികൾ വിധിന്യായങ്ങളിലൂടെ സ്ഥാപിച്ചിട്ടുള്ളതാണ്.

iv. 09/06/2024 തീയതിയിലോ, അതിനുമുമ്പോ നിയമനം ലഭിച്ച ഇതേ യോഗ്യതയുള്ളവർക്ക് നിയമനാംഗീകാരത്തിന് തടസ്സമില്ല. കൂടാതെ 09/06/2024 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങൾ പ്രകാരമുള്ള തെരെഞ്ഞെടുപ്പുകളുടെ അടിസ്ഥാനത്തിൽ ഭാഷാധ്യാപക തസ്തികകളിൽ നിയമനം ലഭിക്കുന്നവർക്കും ഇളവ് ലഭിച്ചിട്ടുണ്ട്. ഈ ഇളവ് PSC മുഖേന നിയമനം ലഭിക്കുന്നവർക്കാണ്. അവർക്കുള്ള ആനുകൂല്യം 09/06/2024 നു മുമ്പ് വിജ്ഞാപനം ചെയ്യപ്പെട്ടതനുസരിച്ച് അപേക്ഷ സമർപ്പിക്കുകയും അതിൻപ്രകാരമുള്ള നിയമനം 09/06/2024 നു ശേഷമായാലും തടസ്സം ഇല്ലാതിരിക്കുകയും ചെയ്യുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. എയ്ഡഡ് സ്കൂളിലാകട്ടെ, നിയമനം 09/06/2024-ന് എങ്കിലും നടന്നിരിക്കണം. ഇതിൽ വിവേചനമുണ്ട്. എന്നു മാത്രമല്ല cut off തീയതി 09/06/2024 എന്നു നിശ്ചയിച്ചത് PSC പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ തീയതിയെ അടിസ്ഥാനമാക്കിയാണെങ്കിൽ അതിലും എയ്ഡഡ് സ്കൂളിലെ നിയമനമെന്നും ഗവൺമെന്റ് സ്കൂളിലെ നിയമനമെന്നുമുള്ള വിവേചനം ഉണ്ട്.

v. നിയമനാംഗീകാരത്തിനുള്ള cut off തീയതി 09/06/2024 വരെ എന്ന നിബന്ധനയ്ക്കു പകരം ഉത്തരവ് നമ്പർ സ.ഉ. (കൈ) 154 GEDN- ന്റെ തീയതിയായ 19/12/2024 വരെ എന്നു നിശ്ചയിച്ചിരുന്നു വെങ്കിൽ ശ്രീമതി റ്റീന മാത്യുവിന്റെ നിയമനം തടസ്സമില്ലാതെ അംഗീകരിക്കപ്പെടുമായിരുന്നു. കാരണം ടി അധ്യാപികയുടെ നിയമനത്തീയതി 21/08/2024 ആണ്. അധ്യാപികയുടെ ജനനത്തീയതി 21/02/1984 ആണ്. 01/01/2024-ൽ 39 വയസ്സ് പൂർത്തിയായിട്ടുണ്ട്. ഈ നിയമനം അംഗീകരിക്കപ്പെടുന്നില്ലെങ്കിൽ നിശ്ചിതപ്രായപരിധി കടന്നു പോകുന്നു എന്ന കാരണത്താൽ അധ്യാപക നിയമനം ഒരിക്കലും ലഭിക്കുകയില്ല എന്ന ദുഃഖകരമായ യാഥാർത്ഥ്യവും നിലനിൽക്കുന്നുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് വെള്ളാരംകുന്ന് സെന്റ് മേരീസ് ഹൈസ്കൂളിലെ LGFT HIndi അധ്യാപിക ശ്രീമതി. റ്റീന മാത്യുവിന്റെ 21/08/2024 മുതലുള്ള നിയമനം അംഗീകരിച്ചു നൽകുവാൻ നിർദ്ദേശം നൽകി ഉത്തരവുണ്ടാകണം.

4) **<u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>**

പുതിയ സ്കൂളുകളുടെ വിഭാഗത്തിൽപ്പെട്ടതും മതിയായ എണ്ണം കുട്ടികൾ ഉള്ളതുമായ ഇടുക്കി വെള്ളാരംകുന്ന് സെന്റ് മേരീസ് ഹൈസ്കൂളിൽ 2019-20 വർഷത്തെ അധിക തസ്തികയിൽ ശ്രീമതി.റ്റീന മാത്യു വിനെ എൽ.ജി. ഹിന്ദി (FT) ആയി നിയമിച്ചു. രണ്ട് വർഷത്തെ ഡി.എൽ.എഡ് യോഗ്യത ഇല്ലാത്തതിനാൽ ഡി.ഇ.ഒ യും, ഡി.ഡി.ഇ യും ടി നിയമനം നിരസിച്ചതിനെതിരെയാണ് റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 2023-24 വർഷം വരെ നിലവിലെ ചട്ടങ്ങൾ പ്രകാരം എൽ.പി/യു.പി ഭാഷാധ്യാപകർക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയോടെ നിയമനം ലഭിച്ചവർക്കും 2023-24 വർഷം വരെയുള്ള പി.എസ്.സി വിജ്ഞാപനത്തിലൂടെ നിയമനം ലഭിക്കുന്നവർക്കും മാത്രം രണ്ട് വർഷത്തെ ഡി.എൽ.എഡ് യോഗ്യത നേടുന്നതിൽ ഇളവ് അനുവദിച്ച് 10.06.2024 ലെ GO(MS) No.59/2024/GEDN പ്രകാരം ഉത്തരവായിട്ടുണ്ട്. പിന്നീട് 19.12.2024 ലെ സ.ഉ(കൈ) നം.154/2024/പൊ.വി.വ പ്രകാരം 09.06.2024 വരെ നിയമനം ലഭിച്ചവർക്കും കൂടി ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീമതി. റ്റീന മാത്യു ഹിന്ദി ഭൂഷൺ യോഗ്യത നേടിയിരിക്കുന്നത് 2023 ആഗസ്റ്റ് മാസത്തിലാണ്, ടിയാളെ എൽ.ജി ഹിന്ദി (FT) തസ്തികയിൽ നിയമിച്ചിരിക്കുന്നത് 2019-20 ലെ അധികതസ്തികയിൽ ആണെങ്കിലും നിയമനം നൽകിയിരിക്കുന്നത് 21.08.2024 നാണ്. ആയതിനാൽ ടിയാൾക്ക് മേൽ ഉത്തരവുകൾ പ്രകാരമുള്ള ഇളവിന് അർഹതയുള്ളതായി കാണുന്നില്ല. ടി സാഹചര്യത്തിൽ ശ്രീമതി.റ്റീന മാത്യുവിന്റെ 21.08.2024 മുതലുള്ള എൽ.ജി. ഹിന്ദി (എഫ്.റ്റി) തസ്തികയിലെ നിയമനം നിലവിൽ പരിഗണിക്കാൻ കഴിയില്ല.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. 10.06.2024 ലെ സ.ഉ.(പി) നം. 59/2024/പൊ.വി.വ ഉത്തരവിൽ 2023-2024 അധ്യയന വർഷം വരെ 06.03.2019 പ്രാബല്യത്തിലുള്ള (07.03.2019 ലെ സ.ഉ.(പി) 30/2019/പൊ.വി.വ സർക്കാർ ഉത്തരവ് തീയതി വരെ) ചട്ടങ്ങൾ പ്രകാരം എൽ.പി/യു.പി ഭാഷാധ്യാപകർക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകളോടുകൂടി എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ചവർക്കും, 2023-2024 അധ്യയന വർഷം വരെയുള്ള പി.എസ്.സി വിജ്ഞാപനത്തിലൂടെ നിയമനം ലഭിക്കുന്നവർക്കും മാത്രം രണ്ടു വർഷത്തെ ഡി.എൽ.എഡ് (D.EL.ED) യോഗ്യത നേടുന്നതിൽ നിന്നും ഇളവ് അനുവദിക്കുന്നു എന്ന് നിഷ്കർഷിച്ചിരുന്നു. തുടർന്ന് 19.12.2024 ലെ സ.ഉ(കൈ) നം.154/2024/പൊ.വി.വ പ്രകാരം, 09.06.2024 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങൾ പ്രകാരമുള്ള തിരഞ്ഞെടുപ്പുകളുടെ അടിസ്ഥാനത്തിൽ ഭാഷാധ്യാപക (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) തസ്തികകളിൽ നിയമനം ലഭിയ്ക്കുന്നവർക്കും, എയ്ഡഡ് സ്കൂളുകളിൽ ടി കാലയളവിൽ (09.06.2024 വരെ) നിയമനം ലഭിച്ചവർക്കും കൂടി 10.06.2024 ലെ സ.ഉ.(പി) 59/2024/പൊ.വി.വ ഉത്തരവിലെ clause (5) പ്രകാരമുള്ള ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

6) 07.03.2019 ലെ സ.ഉ.(പി) 30/2019/പൊ.വി.വ സർക്കാർ ഉത്തരവിന്റെ തീയതിയുടെ തലേ ദിവസം വരെ (06-03-2019 വരെ) പ്രൈമറി സ്കൂൾ ഭാഷാധ്യാപക നിയമനത്തിന് ബാധകമായിരുന്ന ചട്ടങ്ങളും ഉത്തരവുകളും പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയവർക്കും, 06-03-2019 വരെ പ്രസ്തുത യോഗ്യതാ കോഴ്സുകൾക്ക് പ്രവേശനം നേടി

വിജയിച്ചവർക്കും അവർ സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂൾ ഭാഷാധ്യാപക നിയമനത്തിന് അപേക്ഷിക്കുന്നിടത്തോളം കാലം ദിവത്സര ഡി.എൽ.എഡ് (ഭാഷ) നേടുന്നതിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ തലേ ദിവസം വരെ (06-03-2019 വരെ) പ്രൈമറി സ്കൂൾ ഭാഷാധ്യാപക നിയമനത്തിന് ബാധകമായിരുന്ന ചട്ടങ്ങളും ഉത്തരവുകളും പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതാ കോഴ്സുകൾക്ക് 07-03-2019 നോ അതിനു ശേഷമോ പ്രവേശനം നേടി വിജയിച്ചുകൊണ്ട് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 09-06-2024 വരെ നിയമനം ലഭിച്ചവർക്കും, 09-06-2024 വരെ പ്രസിദ്ധീകരിച്ച കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വിജ്ഞാപനങ്ങൾ പ്രകാരമുള്ള തെരഞ്ഞെടുപ്പുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ പ്രൈമറി സ്കൂളുകളിൽ ഭാഷാധ്യാപക തസ്തികകളിൽ നിയമനം ലഭിക്കുന്നവർക്കും ദിവത്സര ഡി.എൽ.എഡ് (ഭാഷ) നേടുന്നതിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്. ശ്രീമതി. റ്റീന മാത്യു ഹിന്ദി ഭൂഷൺ യോഗ്യത നേടിയിരിക്കുന്നത് 2023 ആഗസ്റ്റ് മാസത്തിലാണ്, ടിയാളെ എൽ.ജി ഹിന്ദി (FT) തസ്തികയിൽ നിയമിച്ചിരിക്കുന്നത് 2019-20 ലെ അധികതസ്തികയിൽ ആണെങ്കിലും നിയമനം നൽകിയിരിക്കുന്നത് 21.08.2024 നാണ്. ആയതിനാൽ ടിയാൾക്ക് മേൽ ഉത്തരവുകൾ പ്രകാരമുള്ള ഇളവിന് അർഹതയുള്ളതായി കാണുന്നില്ല.

7) Right of Children for Free and Compulsory Education Act, 2009 വകുപ്പ് 23(1) പ്രകാരം ലഭ്യമായ അധികാരം പ്രയോഗിച്ച്, NCTE 23.08.2010-ന് പുറപ്പെടുവിച്ച Notification നമ്പർ F.No.61-03/20/2010/NCTE(N&S) പ്രകാരം, ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള അധ്യാപകരുടെ കുറഞ്ഞ യോഗ്യതയായി രണ്ടുവർഷം ദൈർഘ്യമുള്ള Diploma in Elementary Education നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച്, G.O (Ms) 30/2019/GEDN പ്രകാരം, കേരള സർക്കാർ കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാംസ് നടത്തുന്ന ഹിന്ദി/സംസ്കൃതം/അറബിക്/ഉറുദു ഭാഷകളിലെ Diploma in Language Education (DLEd) കോഴ്സുകളുടെ ദൈർഘ്യം ഒരു വർഷത്തിൽ നിന്നും രണ്ടുവർഷമായി വർധിപ്പിക്കുകയും, അതിനെ Diploma in Elementary Education (D.EL.Ed) (ഹിന്ദി/സംസ്കൃതം/അറബിക്/ഉറുദു) എന്നായി പുനർനാമകരണം ചെയ്യുകയും 2019-20 അധ്യയനവർഷം മുതൽ നടപ്പിലാക്കുകയും ചെയ്തു ഹിന്ദി/സംസ്കൃതം/അറബിക്/ഉറുദു വിഷയങ്ങളിലെ രണ്ടുവർഷം ദൈർഘ്യമുള്ള D.EL.Ed കോഴ്സ് പാസായിരിക്കുക, എന്നത് പ്രൈമറി സ്കൂളുകളിലെയും സ്കൂളുകളുടെ പ്രൈമറി വിഭാഗങ്ങളിലെയും ഹിന്ദി/സംസ്കൃതം/അറബിക്/ഉർദു അധ്യാപകരുടെ നിയമനത്തിനായി നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. RTE Act പ്രകാരമാണ് പുതുക്കിയ യോഗ്യതകൾ നടപ്പിൽ വരുത്തിയത് എന്നതിനാൽ നിയമപരമായ നിലനിൽപ്പില്ലായെന്ന വാദം അംഗീകരിക്കാൻ കഴിയില്ല എന്ന് കാണുന്നു.

7) മേൽ സാഹചര്യത്തിൽ Ext.P11 റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ചു കൊണ്ടും, അപ്രകാരം ബഹു ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡീഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, കാഞ്ഞിരപ്പള്ളി രൂപത, കാഞ്ഞിരപ്പള്ളി കോട്ടയം - 686507
ശ്രീമതി. റ്റീന മാത്യു, എൽ.ജി.എഫ്.റ്റി ഹിന്ദി, സെന്റ് മേരീസ് ഹൈസ്കൂൾ, വെള്ളാരംകുന്ന് പി.ഒ, ഇടുക്കി - 685535
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 04-03-2026 11:53:54